1. സംസ്ഥാനത്തെ പട്ടികജാതി വികസന ഡയറക്ടറേറ്റ് വാസയോഗ്യമായ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് കെട്ടിടംവയ്ക്കാൻ ഗ്രാന്റായി 35,000 രൂപ ധനസഹായം നൽകുന്നു.

2. സംസ്ഥാന പട്ടികവർഗ്ഗവികസന ഡയറക്ടറേറ്റ് വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കെട്ടിടംവയ്ക്കാൻ ഗ്രാന്റായി 35,000 രൂപ ധനസഹായം നൽകുന്നു.

3. ഗ്രാമവികസന കമ്മിഷണറേറ്റ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരും ഇതര സമുദായത്തിൽപ്പെട്ടവരും വാസയോഗ്യമായ വീടില്ലാത്തവരുമായ ആളുകൾക്ക് സൗജന്യ ഭവന നിർമ്മാണ ഗ്രാന്റായി 35,000 രൂപ നൽകുന്നു. ദുർഘടസ്ഥലങ്ങളിൽ ഈ തുക 20% കൂടുതലായി നൽകുന്നു.(42,000 രൂപ)

4. ഫിഷറീസ് ഡയറക്ടറേറ്റ് നടപ്പാക്കുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണഗ്രാന്റ് പദ്ധതി പ്രകാരം വാസയോഗ്യമായ വീടില്ലാത്തവർക്കുവേണ്ടി 35,000 രൂപ ഗ്രാന്റായി നൽകുന്നു.

(സി)&(ഡി) ഈ പദ്ധതി ഇപ്പോൾ നിലവിൽ വന്നിട്ടില്ല.

11 (*246) ദേശീയ പാതകളുടെ വികസനം

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> :

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാതകളിലെ റോഡ് വികസനത്തിനായി പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ച് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ദേശീയ പാതകളിൽ എവിടെയെല്ലാമാണ് നാലുവരി റോഡ് നിർമ്മാണം നടപ്പാക്കുന്നത്; ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

(ഡി) പുതുതായി നാലുവരി ആറുവരി റോഡുകളുടെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ദേശീയപാതകളിലെ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ആധുനികസാങ്കേതിക വിദ്യപ്രയോജനപ്പെടുത്താൻ ഉദ്യേശിക്കുന്നുണ്ടോ;

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) :

(എ) തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപാസ് ഒന്നാംഘട്ടം, ആക്കുളം പാലം, കൊല്ലം ബൈപാസ് രണ്ടാം ഘട്ടം, ഹരിപ്പാട്-കൃഷ്ണപുരം വീതികൂട്ടൽ, ,ആലപ്പുഴ ബൈപാസ് ഒന്നാം ഘട്ടം, വരാപ്പുഴ പാലം, അറപ്പുഴ പാലം, കോഴിക്കോട് ബൈപാസ് ഒന്നാം ഘട്ടം എന്നീ പദ്ധതികളാണ് നടപ്പാക്കി കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോറോട് റെയിൽവേ മേൽപ്പാലം, തലശ്ശേരി-മാഹി ബൈപ്പാസ് ഒന്നാം ഘട്ടം എന്നീ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ദേശീയ പാത 47-ൽ ചേർത്തല മുതൽ ആലുവവരെയുള്ള ഭാഗമാണ് 4 വരി പാതയാക്കി വികസിപ്പിച്ചിട്ടുള്ളത്. ഇതിൽ ശേഷിക്കുന്ന കളമശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

(ഡി)&(ഇ) ദേശീയപാത 47-ൽ ആലുവ മുതൽ അങ്കമാലിവരെ 15 കി. മീറ്ററും തൃശൂർ മുതൽ വാണിയംപാറ വരെ 20 കി.മീറ്ററും നാലുവരി പാതയാക്കുന്ന പണി കേന്ദ്രഗവണ്മെന്റ് ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിട്ടുണ്ട്.

(എഫ്) Paver Finisher, 60 ton Hot Mix Plant, Vibrator Roller, Pneaumatic Roller തുടങ്ങിയ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന യന്ത്രസാമഗ്രികൾ ദേശീയപാത നിർമ്മാണത്തിന് കൂടുതലായി ഉപയോഗിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

12 (*247) തുടർവിദ്യാഭ്യാസ പദ്ധതി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിലുള്ള തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പരിശീലന പരിപാടികളുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരിശീലനപരിപാടികളിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) പരിശീലകരെ കണ്ടെത്തുക, പരിശീലന പരിപാടികളുമായി അവരെ ബന്ധപ്പെടുത്തുക, പരിശീലകർക്കുള്ള ഓണറേറിയം നൽകുക എന്നീ ചുമതലകൾ നിറവേറ്റുന്നതിൽ സാക്ഷരതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ തുടർവിദ്യാഭ്യാസ പരിപാടികളെ ജനകീയാസൂത്രണ പദ്ധതികളുമായി ബന്ധപ്പെടുത്തുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെ ആയി എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) തുടർവിദ്യാഭ്യാസ പരിപാടിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

1093/2010.

LIBRARY ARCHIVES Kerala Legislative Assembly